| 26-03-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - സ്വയത്തെ ആത്മസഹോദരനാണെന്ന് മനസ്സിലാക്കി പരസ്പരം ആത്മീയ സ്നേഹം വയ്ക്കൂ, സതോപ്രധാനമാകണമെങ്കിൽ ആരുടേയും കുറവുകളെ കാണാതിരിക്കൂ.**

**ചോദ്യം:-** ഏത് ആധാരത്തിലാണ് ബാബയിൽ നിന്നും കോടികളുടെ സമ്പത്തെടുക്കാൻ സാധിക്കുന്നത്?
**ഉത്തരം:-** ബാബയിൽ നിന്ന് കോടികളുടെ സമ്പത്തെടുക്കുന്നതിന് വേണ്ടി ഓർമ്മയുടെ യാത്രയിൽ കഴിയൂ. ഒരു ബാബയെയല്ലാതെ മറ്റെല്ലാകാര്യങ്ങളും മറക്കൂ. ഇന്നയാൾ ഇങ്ങിനെ ചെയ്യുന്നു, അവർ ഇങ്ങിനേയാണ്... ഈ കാര്യങ്ങളിൽ സമയം പാഴാക്കാതിരിക്കൂ. ലക്ഷ്യം വളരെ വലുതാണ് അതിനാൽ സദാ സതോപ്രധാനമാകുന്നതിനുള്ള ലക്ഷ്യമുണ്ടായിരിക്കണം. ബാബയുടെ സ്നേഹത്തിൽ ലയിച്ചിരിക്കണം, തന്റെ സൂക്ഷ്മ പരിശോധന നടത്തിക്കൊണ്ടിരിക്കൂ അപ്പോൾ മുഴുവൻ സമ്പത്തും നേടാൻ സാധിക്കും.

**ഓം ശാന്തി**. ഇപ്പോൾ നിങ്ങൾ ഏത് കുട്ടികളാണോ ഇവിടെ ഇരിക്കുന്നത് അവർക്കറിയാം പരിധിയില്ലാത്ത ബാബ വീണ്ടും സതോപ്രധാനമാക്കിക്കൊണ്ടിരിക്കുകയാണ്, സ്വയം ആത്മ സഹോദരങ്ങളാണ് എന്ന അടിസ്ഥാന യുക്തിയാണ് പറഞ്ഞു തരുന്നത്. നിങ്ങൾക്ക് പരസ്പരം വളരെ-വളരെ ആത്മീയ സ്നേഹം ഉണ്ടായിരിക്കണം എന്ന മുഖ്യ ശിക്ഷണമാണ് നൽകുന്നത്. മുൻപ് നിങ്ങൾക്കുണ്ടായിരുന്നു, ഇപ്പോളില്ല. മൂലവതനത്തിൽ സ്നേഹത്തിന്റെ കാര്യമില്ല. അതിനാൽ പരിധിയില്ലാത്ത ബാബ വന്ന് ശിക്ഷണം നൽകുന്നു കുട്ടികളേ, ഇന്ന്-നാളെ എന്ന് പറഞ്ഞ്-പറഞ്ഞ് സമയം പൊയ്ക്കൊണ്ടിരിക്കുന്നു. ദിവസങ്ങളും, മാസങ്ങളും, വർഷങ്ങളും കടന്ന് പൊയ്ക്കൊണ്ടേയിരിക്കുന്നു. ഈ ലക്ഷ്മീ നാരായണൻ നിങ്ങളായിരുന്നു എന്നത് ബാബ പറഞ്ഞു തന്നിട്ടുണ്ട്, ആരാണ് നിങ്ങളെ ഇങ്ങിനെ ആക്കിയത്? ബാബ. എങ്ങനെ നിങ്ങൾ താഴേയ്ക്കിറങ്ങി എന്നും ബാബ പറഞ്ഞു തന്നിട്ടുണ്ട്. മുകളിൽ നിന്ന് താഴേയ്ക്കിറങ്ങിയിറങ്ങി സമയം പൊയ്ക്കൊണ്ടിരിക്കുന്നു. ആ ദിവസം പോയി, മാസം പോയി, വർഷം പോയി, സമയം പോയി. നിങ്ങൾക്കറിയാം ആദ്യം നമ്മൾ സതോപ്രധാനമായിരുന്നു. നമ്മുക്ക് പരസ്പരം വളരെ സ്നേഹമുണ്ടായിരുന്നു. ബാബ നമ്മൾ എല്ലാ സഹോദരങ്ങൾക്കും ശിക്ഷണം നൽകിയിട്ടുണ്ട്, നിങ്ങൾ സഹോദരങ്ങൾക്ക് പരസ്പരം വളരെ സ്നേഹമുണ്ടായിരിക്കണം. ഞാൻ നിങ്ങളുടെ അച്ഛനാണ്. എത്ര സ്നേഹത്തോടെയാണ് ഞാൻ നിങ്ങളെ സംരക്ഷിക്കുന്നുത്. നിങ്ങളെ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാക്കുന്നു. നിങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യം തന്നെ സതോപ്രധാനമാകുക എന്നതാണ്. മനസ്സിലാക്കുന്നുണ്ട് എത്രത്തോളം നമ്മൾ സതോപ്രധാനമാകുന്നോ അത്രയും സന്തോഷത്തിലേക്കും വന്നുകൊണ്ടിരിക്കും. നമ്മൾ സതോപ്രധാനമായിരുന്നു. നമ്മൾ സഹോദരങ്ങൾ പരസ്പരം വളരെ സ്നേഹത്തോടെ കഴിഞ്ഞിരുന്നു. നമ്മൾ ദേവതകൾ പരസ്പരം വളരെ സ്നേഹത്തോടെ ജീവിച്ചിരുന്നു എന്നത് ഇപ്പോൾ ബാബയിലൂടെ നമ്മൾ മനസ്സിലാക്കി. ഈ ദേവതകൾക്കും, സ്വർഗ്ഗത്തിനും വളരെ മഹിമയുണ്ട്. നിങ്ങളും സ്വർഗ്ഗവാസികളായിരുന്നു. പിന്നീട് ഇന്ന്-നാളെയെന്ന് പറഞ്ഞ്-പറഞ്ഞ് താഴേക്കിറങ്ങി വന്നു. ഒന്നാം തീയ്യതിയിൽ നിന്ന് ആരംഭിച്ച് ഇന്ന് 5000 വർഷത്തിലെത്താൻ ഇനി കുറച്ച് വർഷങ്ങളാണുള്ളത്. തുടക്കം മുതൽ നിങ്ങൾ എങ്ങനെയുള്ള പാർട്ടാണ് അഭിനയിച്ച് വന്നത്, അത് മുഴുവൻ ബുദ്ധിയിലുണ്ട്. ഇപ്പോൾ ദേഹാഭിമാനമുള്ളത് കാരണം പരസ്പരം ആ സ്നേഹമില്ല. പരസ്പരം കുറവുകൾ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. ഇന്നയാൾ ഇങ്ങിനേയാണ്... ദേഹീ അഭിമാനിയായിരുന്നപ്പോൾ ഇങ്ങിനെ ആരുടെയും കുറവുകളെ കണ്ടിരുന്നില്ല. പരസ്പരം വളരെ സ്നേഹമായിരുന്നു. ഇപ്പോൾ വീണ്ടും ആ അവസ്ഥ ധാരണ ചെയ്യണം. പരസ്പരം അതേ ദൃഷ്ടിയിലൂടെ കാണുന്നതിനാൽ ഇവിടെയും കലഹിച്ചു കൊണ്ടിരിക്കുന്നു. പിന്നെങ്ങനെ ഇതവസാനിക്കും? ഇതും ബാബ മനസ്സിലാക്കിത്തരുന്നു കുട്ടികളേ നിങ്ങൾ തന്നെയായിരുന്നു സതോപ്രധാന പൂജ്യ ദേവീ-ദേവതകളായിരുന്നത്. പിന്നീട് പതുക്കെപ്പതുക്കെ താഴേക്ക് വീണ് നിങ്ങൾ തമോപ്രധാനമാകുന്നു. നിങ്ങൾ എത്ര മധുരത ഉള്ളവരായിരുന്നു. ഇപ്പോൾ വീണ്ടും അതുപോലെ മധുരമാകൂ. നിങ്ങൾ സുഖദായികളായിരുന്നു, ഇപ്പോൾ ദു:ഖദായികളായി മാറിയിരിക്കുന്നു. രാവണരാജ്യത്തിൽ പരസ്പരം ദു:ഖം നൽകുന്നതിനായി കാമ വികാരമുപയോരിക്കാൻ തുടങ്ങിയിരിക്കുന്നു. സതോപ്രധാനമായിരുന്നപ്പോൾ കാമവികാരത്തിൽ ഏർപ്പെട്ടിരുന്നില്ല. നിങ്ങളുടെ ഈ 5 വികാരങ്ങളും എത്ര ശത്രുക്കളാണ്. ഇത് തന്നെയാണ് വികാരീ ലോകം. ഏതിനെയാണ് രാമരാജ്യം എന്ന് പറയുന്നത്, ഏതിനെയാണ് രാവണരാജ്യം എന്ന് പറയുന്നത് എന്നും നിങ്ങൾക്കറിയാം. ഇന്ന്-നാളെയെന്ന് പറഞ്ഞ് സത്യയുഗം, ത്രേതാ, ദ്വാപരവും പൂർത്തിയായി. ഇപ്പോൾ കലിയുഗവും പൂർത്തിയാകുകയാണ്. നിങ്ങൾ തന്നെയാണ് സതോപ്രധാനത്തിൽ നിന്ന് തമോപ്രധാനമായിരിക്കുന്നത്. നിങ്ങളുടെ ആത്മീയ സന്തോഷം

നഷ്ടമായിരിക്കന്നു. ആയുസ്സും നിങ്ങളുടേത് ചെറുതായി. ഇപ്പോൾ ഞാൻ വന്നിരിക്കുന്നു, തീർച്ചയായും നിങ്ങളെ സതോപ്രധാനമാക്കും. നിങ്ങൾ തന്നേയാണ് പതിതപാവനാ വരൂ എന്ന് പറഞ്ഞ് വിളിച്ചത്. ബാബ മനസ്സിലാക്കിത്തരുന്നു 5000 വർഷത്തിന് ശേഷം എപ്പോഴാണോ സംഗമയുഗം വരുന്നത് അപ്പോഴാണ് ഞാൻ വരുന്നത്. ഇപ്പോൾ നിങ്ങൾ സ്വയം ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രത്തോളം കുറവുകൾ ഇല്ലാതാകും. നിങ്ങൾ സതോപ്രധാനമായിരുന്നപ്പോൾ നിങ്ങളിൽ യാതൊരു കുറവും ഉണ്ടായിരുന്നില്ല. നിങ്ങൾ സ്വയത്തെ ദേവീ-ദേവീത എന്നാണ് വിളിച്ചിരുന്നത്. ഇപ്പോൾ ഈ കുറവുകളെ എങ്ങിനെ ഇല്ലാതാക്കും? ആത്മാവിന് തന്നെയാണ് അശാന്തിയുണ്ടാകുന്നത്. ഇപ്പോൾ തന്റെ പരിശോധന നടത്തണം എന്തുകൊണ്ടാണ് ഞാൻ അശാന്തമായിരിക്കുന്നത്?. എപ്പോൾ നമ്മൾ സഹോദരങ്ങളായിരുന്നോ അപ്പോൾ നമുക്ക് വളരെ സ്നേഹമുണ്ടായിരുന്നു. ഇപ്പോൾ അതേ ബാബ വീണ്ടും വന്നിരിക്കുന്നു. പറയുന്നു സ്വയം ആത്മാവാണ് പരസ്പരം സഹോദരങ്ങളാണ് എന്ന് മനസ്സിലാക്കൂ. പരസ്പരം സ്നേഹം കാത്തു സൂക്ഷിക്കൂ. ദേഹാഭിമാനത്തിൽ വരുന്നതുകൊണ്ടാണ് പരസ്പരം കുറവുകൾ കാണുന്നത്. ബാബ പറയുന്നു നിങ്ങൾ ഉയർന്ന പദവി നേടുന്നതിനുള്ള തന്റെ പുരുഷാർത്ഥം ചെയ്യൂ. നിങ്ങൾക്കറിയാം ബാബ നമുക്ക് ഇങ്ങനെയുള്ള സമ്പത്ത് നൽകിയിട്ടുണ്ടായിരുന്നു അത് നമ്മളെ സമ്പൂർണ്ണമാക്കിയിരുന്നു. ഇപ്പോൾ വീണ്ടും ബാബ വന്നിരിക്കുന്നു എങ്കിൽ എന്തുകൊണ്ട് നമുക്ക് ആ ബാബയുടെ നിർദ്ദേശമനുസരിച്ച് നടന്ന് വീണ്ടും പൂർണ്ണമായ സമ്പത്ത് നേടിക്കൂടാ. നമ്മൾ തന്നെയായിരുന്നു ദേവതകൾ പിന്നീട് 84 ജന്മങ്ങളെടുത്തു.

നിങ്ങൾ മധുര-മധുരമായ കുട്ടികൾ എത്ര ഉറച്ചവരായിരുന്നു. യാതൊരു അഭിപ്രായ വ്യത്യാസവും ഉണ്ടായിരുന്നില്ല. ആരുടെ നിന്ദയും ചെയ്തിരുന്നില്ല. ഇപ്പോൾ എന്തെങ്കിലുമെല്ലാം കുറവുകളുണ്ട് അവയെല്ലാം ഇല്ലാതാക്കണം. നമ്മളെല്ലാം സഹോദരന്മാരാണ്. ഒരു ബാബയെ മാത്രം ഓർമ്മിക്കണം. എനിക്ക് സതോപ്രധാനമാകണം എന്ന ലഹരിയിലിരിക്കണം. ഇന്നയാൾ ഇങ്ങിനേയാണ്, ഇവർ ഇങ്ങിനെ ചെയ്തു- ഈ കാര്യങ്ങളെല്ലാം മറക്കണം. ബാബ പറയുന്നു ഇവയെല്ലാം ഉപേക്ഷിക്കൂ, സ്വയം ആത്മാവെന്ന് മനസ്സിലാക്കൂ. ഇപ്പോൾ സതോപ്രധാനമാകുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്യൂ. ദേഹാഭിമാനത്തിൽ വരുന്നതിലൂടെ തന്നെയാണ് അവഗുണങ്ങൾ കാണുന്നത്. സ്വയം ആത്മാവെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. സഹോദര-സഹോദരനായി കാണുകയാണെങ്കിൽ ഗുണങ്ങൾ മാത്രമേ കാണപ്പെടൂ. എല്ലാവരേയും ഗുണവാനാക്കുന്നതിനുള്ള പരിശ്രമം ചെയ്യൂ. ആരെങ്കിലും തലതിരിഞ്ഞ എന്തെങ്കിലും ചെയ്താലും. മനസ്സിലാകുന്നു ഇവർ തമോ അല്ലെങ്കിൽ രജോപ്രധാനമാണ്, അപ്പോൾ തീർച്ചയായും അവരുടെ പെരുമാറ്റം അങ്ങിനെതന്നെയായിരിക്കും. ഏറ്റവും കൂടുതൽ ഗുണങ്ങളുള്ളത് ബാബയിലാണ്. അതുകൊണ്ട് ബാബയിൽ നിന്ന് തന്നെ ഗുണം ഗ്രഹിക്കൂ, മറ്റെല്ലാ കാര്യങ്ങളും ഉപേക്ഷിക്കൂ. അവഗുണങ്ങളെ ഉപേക്ഷിച്ച്, ഗുണം ധാരണ ചെയ്യൂ. ബാബ എത്ര ഗുണവാനാക്കിത്തീർക്കുന്നു. പറയുന്നു നിങ്ങൾ കുട്ടികൾക്കും എനിക്ക് സമാനം ഗുണവാനാകണം. ബാബ സുഖദായിയാണ്. നമുക്കും സുഖദായിയാകണം. എനിക്ക് സതോപ്രധാനമാകണം അത്രമാത്രം, ഈ ലഹരിയിലായിരിക്കണം. മറ്റ് ഒരു കാര്യവും തന്നെ കേൾക്കരുത്, നിന്ദ ചെയ്യരുത്. എല്ലാവരിലും എന്തെങ്കിലുമെല്ലാം കുറവുകളുണ്ട്. ആർക്കും മനസ്സിലാക്കാൻ സാധിക്കാത്തതരത്തിലുള്ള കുറവുകളുമുണ്ട്. ഇവരിൽ കുറവുകളുണ്ടെന്ന് മറ്റുള്ളവരാണ് മനസ്സിലാക്കുന്നത്. അവർ സ്വയം വളരെ നല്ലെതാണെന്നാണ് കരുതുന്നത്. എന്നാൽ എവിടെയെങ്കിലുമെല്ലാം തലതിരിഞ്ഞ വാക്കുകൾ വരുന്നു. സതോപ്രധാന അവസ്ഥയിൽ ഈ കാര്യങ്ങൾ ഉണ്ടാകുകയില്ല. ഇവിടെ കുറവുകളുണ്ട്, എന്നാൽ മനസ്സിലാക്കാത്തത് കാരണം സ്വയം നിഷ്കളങ്കനെന്ന് കരുതിയിരിക്കുന്നു. ബാബ പറയുന്നു നിഷ്കളങ്കൻ ഞാൻ ഒരാൾ മാത്രമാണ്, നിങ്ങളെല്ലാവരെയും മധുരമാക്കി മാറ്റാൻ വേണ്ടി വന്നിരികക്കുന്നു. അവഗുണങ്ങളെല്ലാം തന്നെ ഉപേക്ഷിക്കൂ. തന്റെ നാഡി നോക്കൂ, ഞാൻ എത്രത്തോളം മധുര മധുരമായ ആത്മീയ അച്ഛനെ സ്നേഹത്തോടെ ഓർമ്മിക്കുന്നുണ്ട്. എത്രമാത്രം സ്വയം മനസ്സിലാക്കുന്നുണ്ടോ അത്രയും മറ്റുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കും. ദേഹാഭിമാനത്തിലേക്ക് വന്നാൽ യാതൊരു നേട്ടവുമില്ല. അടിസ്ഥാനമായ കാര്യം തന്നെ ലോകം തമോപ്രധാനമാണ് എന്നതാണ്. സതോപ്രധാനമായിരുന്നപ്പോൾ ദേവതകളുടെ രാജ്യമായിരുന്നു. ഈ സമയം 84 ജന്മങ്ങളെടുത്ത് തമോപ്രധാനമായിരിക്കുന്നു, ഇപ്പോൾ വീണ്ടും സതോപ്രധാനമാകണം. തമോപ്രധാനമായിരിക്കുന്നതും ഭാരതവാസികൾ തന്നെയാണ് സതോപ്രധാനമാകുന്നതും അവർ തന്നെയാണ്. മറ്റാരേയും സതോപ്രധാനം എന്ന് പറയുക സാധ്യമല്ല. സത്യയുഗത്തിൽ ധർമ്മങ്ങളൊന്നും തന്നെ ഉണ്ടാകില്ല. ബാബ പറയുന്നു നിങ്ങൾ അനേക തവണ തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമായി, ഇപ്പോൾ വീണ്ടുമാകൂ. ശ്രീമതമനുസരിച്ച് നടന്ന് എന്നെ ഓർമ്മിക്കൂ. ചിന്ത മുഴുവൻ ഇതായിരിക്കണം. തലയിൽ പാപം വളരെയുണ്ട്, ഇപ്പോൾ ബാബ ഉണർത്തുന്നു. ദേവതമാരുടെ മുന്നിൽ ചെന്ന് ഞങ്ങൾ വികാരികളാണെന്ന് പറയുന്നു കാരണം ദേവതകളിൽ പവിത്രതയുടെ ആകർഷണമുണ്ട് അതിനാൽ അവരുടെ മുന്നിൽ ചെന്ന് പറയുന്നു വീട്ടിൽ

എത്തിയാൽ മറക്കുകയും ചെയ്യുന്നു. ദേവതകളുടെ മുന്നിൽ ചെല്ലുമ്പോൾ തന്നോട് വെറുപ്പ് തോന്നുന്നു. വീട്ടിൽ മടങ്ങിയെത്തുമ്പോൾ യാതൊരു വെറുപ്പുമില്ല. ഇവരെ ആരാണ് ഇങ്ങിനെ ആക്കിയത്? ഈ ചിന്ത പോലും ഉണ്ടാകുന്നില്ല. ഇപ്പോൾ ബാബ പറയുന്നു - ദേവതയാകണമെങ്കിൽ ഈ പഠിപ്പ് തീർച്ചയായും പഠിക്കൂ. ശ്രീമതമനുസരിച്ച് നടക്കേണ്ടതുണ്ട്. ഏറ്റവും ആദ്യം ബാബ പറയുന്നു സ്വയത്തെ സതോപ്രധാനമാക്കണമെങ്കിൽ എന്നെ മാത്രം ഓർമ്മിക്കൂ മറ്റ് വ്യർത്ഥങ്ങളിലേക്ക് പോകരുത്. എനിക്കിങ്ങനെ ആയിത്തീരണം എന്ന് സ്വയം ലഹരി വയ്ക്കൂ. ബാബ പറയുന്നു നിങ്ങൾ തന്നെയായിരുന്നു ആദിസനാതന ദേവീ ദേവതാ ധർമ്മത്തിലുള്ളവർ ശേഷം എവിടേക്ക് പോയി! ഇവരുടെ തന്നെ 84 ജന്മങ്ങളുടെ കഥയാണ് എഴുതിയിട്ടുള്ളത്. ഇപ്പോൾ ഞങ്ങൾക്ക് അതുപോലെ ആയിത്തീരണം. ദൈവീക ഗുണം ധാരണ ചെയ്യണം. സഹോദരരാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കണം. ബാബയിൽ നിന്ന് സമ്പത്തെടുക്കണം. നിന്ദയും-സ്തുതിയും ചെയ്താണ് വന്നതെന്നത് ബുദ്ധിയിൽ വരണം. വാസ്തവത്തിൽ സ്തുതിയല്ല, നിന്ദയാണ് ചെയ്ത് വന്നത്. ഒരു ഭാഗത്ത് ആരുടെ മഹിമയാണോ ചെയ്യുന്നത് മറുഭാഗത്ത് അവരുടെതന്നെ നിന്ദയും ചെയ്യുന്നു കാരണം മനസ്സിലാക്കുന്നില്ല, ഒരു ഭാഗത്ത് ബാബയുടെ മഹിമ ചെയ്യുന്നു മറുഭാഗത്ത് സർവ്വവ്യാപി എന്നും പറയുന്നു. തൂണിലും തുരുമ്പിലും പരമാത്മാവെന്ന് പറഞ്ഞതിലൂടെ വിമുഖരായിത്തീർന്നു. വിനാശകാലത്ത് വിപരീത വിമുഖ ബുദ്ധി വിനാശം പ്രാപിക്കുന്നു, വിനാശകാലത്ത് പ്രീത സന്മുഖ ബുദ്ധി വിജയിക്കുന്നു.

എത്രത്തോളം സാധിക്കുന്നുവോ അത്രയും ബാബയെ ഓർമ്മിക്കുന്നതിന് പരിശ്രമിക്കണം. മുൻപും ഓർമ്മിച്ചിരുന്നു, എന്നാൽ അത് വ്യഭിചാരിയായിരുന്നു. ധരാളം പേരെ ഓർമ്മിച്ചിരുന്നു. ഇപ്പോൾ ബാബ പറയുന്നു അവ്യഭിചാരീ ഓർമ്മയിൽ ഇരിക്കൂ. കേവലം എന്നെ മാത്രം ഓർമ്മിക്കൂ. ഭക്തിമാർഗ്ഗത്തിലെ ധാരാളം ചിത്രങ്ങളുണ്ട്, അതും ഓർമ്മിച്ചാണ് നിങ്ങൾ വന്നത്. ഇപ്പോൾ വീണ്ടും സതോപ്രധാനമാകണം. അവിടെ ഓർമ്മിക്കുന്നതിനായി ഭക്തിയേയില്ല. ബാബ പറയുന്നു എനിക്കെങ്ങനെ സതോപ്രധാനമാകാം? ഈ ചിന്ത വയ്ക്കൂ. ഈ സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നതെന്ന ജ്ഞാനവും ലഭിച്ചു, അത് സഹജമാണ്. ശരി, ചിലർക്ക് വായിലൂടെ പറഞ്ഞ് മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നില്ലായിരിക്കാം എന്നാൽ ബുദ്ധിയിൽ തീർച്ചയായും വരുന്നുണ്ട് നമ്മളെങ്ങനെ സതോപ്രധാനത്തിൽ നിന്ന് തമോപ്രധാന മായി, ഇപ്പോൾ വീണ്ടും തീർച്ചയായും സതോപ്രധാനമാകണം. ആർക്കെങ്കിലും സംസാരിക്കാൻ സാധിക്കുന്നില്ലെങ്കിൽ പറയും തന്റെ ഭാഗ്യത്തിലില്ല. വിധിയുമുണ്ട്. ബാബ വളരെ സഹജമായ ഉപായം പറഞ്ഞുതന്നിട്ടുണ്ട് - ബാഡ്ജ് ഇപയോഗിച്ച് മനസ്സിലാക്കിക്കൊടുക്കുക സഹജമാണ്, ഇതാണ് പരിധിയില്ലാത്ത അച്ഛൻ. ഈ അച്ഛനിൽ നിന്നുതന്നെയാണ് സമ്പത്ത് ലഭിക്കുന്നത്. ബാബ തീർച്ചയായും സ്വർഗ്ഗത്തിന്റെ സ്ഥാപനയാണ് ചെയ്യുന്നത്. അത് തീർച്ചയായും ഇവിടെത്തന്നേയാണ് ചെയ്യുക. ശിവജയന്തി എന്നാൽ സ്വർഗ്ഗത്തിന്റെ ജയന്തി. സ്വർഗ്ഗത്തിലുള്ളത് ദേവീ ദേവതകളാണ്, അവർ വീണ്ടും എങ്ങനെയാണുണ്ടായത്? അവർ ഈ പുരുഷോത്തമ സംഗമയുഗത്തിലെ പഠനത്തിലൂടെയാണ് ഉണ്ടായത്. നിങ്ങൾ കുട്ടികൾക്കും ജ്ഞാനം ലഭിച്ചിരിക്കുന്നു, ഇനി മറ്റുള്ളവർക്കും ഈ ജ്ഞാനം നൽകണം. നിങ്ങളുടേത് സഹജ ജ്ഞാനവും, സഹജ യോഗവും, സഹജമ സമ്പത്തുമാണ്. എന്നാൽ ഇവിടെ ചിലർ കാലണയുടെ സമ്പത്തെടുക്കുന്നവരമുണ്ട്, അതുപോലെ കോടികളുടെ സമ്പത്തെടുക്കുന്നവരുമുണ്ട്. മുഴുവൻ ആധാരവും പഠനത്തിലാണ്. ഓർമ്മയുടെ യാത്രയിലൂടെ മറ്റെല്ലാ കാര്യങ്ങളും മറക്കൂ. ഇവർ ഇങ്ങിനെയാണ്... ഇതിൽ സമയം പാഴാക്കാതിരിക്കൂ. ലക്ഷ്യം വളരെ വലുതാണ്. സതോപ്രധാനമാകുന്നതിൽ തന്നെയാണ് മായ വിഘ്നങ്ങളുണ്ടാക്കുന്നത്. പഠിപ്പിൽ വിഘ്നം ഉണ്ടാകുന്നില്ല. ബാബ പറയുന്നു നിങ്ങൾക്ക് എത്ര സ്നേഹമുണ്ട്? എന്ന് സ്വയം നോക്കൂ. ബാബയുമായി ലയിച്ചിരിക്കുന്നത്രയും സ്നേഹം വേണം. പഠിപ്പിക്കുന്നത് ബാബയാണ്. ഇദ്ദേഹത്തിന്റെ ആത്മാവ് പഠിപ്പിക്കുന്നില്ല, ഇദ്ദേഹവും പഠിക്കുകയാണ്. ബാബാ അങ്ങ് ഞങ്ങളെ എത്രത്തോളം വിവേകശാലികളാക്കുന്നു. ഉയർന്നതിലും ഉയർന്നത് ബാബയാണ് പിന്നീട് മനുഷ്യ സൃഷ്ടിയിലും അങ്ങ് ഞങ്ങളെ എത്ര ഉയർന്നവരാക്കിത്തീർക്കുന്നു. ഇങ്ങിനെ ഉള്ളിൽ ബാബയുടെ മഹിമ ചെയ്യണം. ബാബാ അങ്ങ് എത്ര അത്ഭുതം കാണിക്കുന്നു. ബാബ പറയുന്നു - കുട്ടികളേ, നിങ്ങൾ വീണ്ടും സ്വരാജ്യം നേടൂ, എന്നെ മാത്രം ഓർമ്മിക്കൂ, സന്തോഷത്തോടെ. സ്വയം ചോദിക്കണം - ഞാൻ ബാബയെ എത്ര ഓർമ്മിക്കുന്നുണ്ട്? സന്തോഷം പോലൊരു ഔഷധമില്ല എന്ന് പറയാറുണ്ട്. അപ്പോൾ ബാബയെ ലഭിക്കുന്നതും സന്തോഷമാണ് എന്നാൽ ഇത്രയും സന്തോഷം കുട്ടികളുടെ ഉള്ളിൽ ഇരിക്കുന്നില്ല. അല്ലെങ്കിൽ വിവേകം പറയുന്നു വളരെ സന്തോഷമുണ്ടായിരിക്കണം. ഈ പഠനത്തിലൂടെ നമ്മൾ ഈ രാജാവാകുന്നവരാണ്. നമ്മൾ പരിധിയില്ലാത്ത ബാബയുടെ മക്കളാണ്. സുപ്രീം ഫാദറാണ് നമ്മളെ പഠിപ്പിക്കുന്നത്. ബാബ എത്ര ദയാഹൃദയനാണ്, എങ്ങിനെയാണ് ഇരുന്ന് നിങ്ങൾ കുട്ടികളെ പുതിയ പുതിയ കാര്യങ്ങൾ കേൾപ്പിക്കുന്നത്. മറ്റാരുടെയും ബുദ്ധിയിലില്ലാത്ത പുതിയ-പുതിയ കാര്യങ്ങൾ ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. ശരി !

വളരെക്കാലത്തെ വേർപാടിനു ശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ദേഹീ-അഭിമാനി അവസ്ഥ ധാരണ ചെയ്ത് സുഖദായിയായിത്തീരണം. ആരുടേയും കുറവുകളെ കാണരുത്. പരസ്പരം വളരെ സ്നേഹത്തോടെ കഴിയണം, അഭിപ്രായ വ്യത്യാസത്തിൽ വരരുത്.

2) മറ്റെല്ലാ കാര്യങ്ങളും ഉപേക്ഷിച്ച് ഒരേയൊരു ബാബയിൽ നിന്ന് ഗുണങ്ങൾ ഗ്രഹിക്കണം. സതോപ്രധാനമാകുന്നതിനുള്ള ലക്ഷ്യം വയ്ക്കണം. ആരുടെയും കാര്യങ്ങൾ കേൾക്കരുത്, നിന്ദ ചെയ്യരുത്. മിഥ്യാ ജ്ഞാനിയാകരുത്.

## വരദാനം:- സമയ പ്രമാണം സ്വയത്തെ പരിശോധിച്ച് പരിവർത്തനപ്പെടുത്തുന്ന സദാ വിജയിയായി ഭവിക്കൂ

ആരാണോ സത്യമായ രാജയോഗികൾ അവർ ഒരിക്കലും ഒരു പരിസ്ഥിതിയിലും പതറുകയില്ല. അതുകൊണ്ട് സമയ പ്രമാണം സ്വയത്തെ പരിശോധിക്കൂ പരിശോധിച്ചതിന് ശേഷം പരിവർത്തനപ്പെടുത്തൂ. കേവലം പരിശോധിക്കുന്നതിലൂടെ നിരാശരാകും. ചിന്തിക്കും എന്നിൽ ഈ കുറവുമുണ്ട്, ശരിയാകുമോ ഇല്ലയോ അറിയില്ല. അതുകൊണ്ട് പരിശോധിക്കൂ എന്നിട്ട് പരിവർത്തനപ്പെടുത്തൂ എന്തുകൊണ്ടെന്നാൽ സമയമനുസരിച്ച് കർത്തവ്യം ചെയ്യുന്നവർക്ക് സദാ വിജയമുണ്ടാകുന്നു അതുകൊണ്ട് സദാ വിജയീ ശ്രേഷ്ഠ ആത്മാവായി തീവ്രപുരുഷാർത്ഥത്തിലൂടെ നമ്പർവണ്ണിലേക്ക് വരൂ.

## സ്ലോഗൻ:- മനസ്സിനെയും-ബുദ്ധിയെയും നിയന്ത്രിക്കുന്നതിന്റെ അഭ്യാസമുണ്ടായിരിക്കണം അപ്പോൾ സെക്കന്റിൽ വിദേഹിയാകാൻ സാധിക്കും.